ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ് പാലക്കാട്
**info@gptcpalakkad.ac.in**
**Phone No.04912572640**
**Pin:678551**

നം.സി.-259/25ജി.പി.ടിസി,പിഎല്കെഡി തിയ്യതി:12-05-2025

## കാൻ്റീൻ നടത്തിപ്പ്- ദർഘാസ് നോട്ടീസ്

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം-സർക്കാർ പോളിടെക്നിക്ക് കോളേജ്, പാലക്കാട് - കോളേജ് കാൻ്റീൻ നടത്തിപ്പ്- ലഘു ദർഘാസ് ക്ഷണിക്കുന്നത് സംബന്ധിച്ച്-

---------

01/06/2025 മുതല് 31/05/2027 വരെ 2 വർഷ കാലയളവിലേക്ക് പാലക്കാട് സർക്കാർ പോളിടെക്നിക്ക് കോളേജ് കാൻ്റീൻ താഴെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതിനുള്ള ലഘു ദർഘാസ് ക്ഷണിക്കുന്നു. **കാൻ്റീൻ ദർഘാസ്ഘ** എന്ന് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സീല് ചെയ്ത എൻവലപ്പിൽ (ലോക്കോട്ടിൽ/ കവറിൽ) അടക്കം ചെയ്ത ദർഘാസ്ഘാസ് 27/05/2025 ന് ഉച്ചയ്ക്ക് 2 മണിവരെ ഓഫീസില് സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3 മണിക്ക് തുറക്കുന്നതുമാണ്. കാൻ്റീനിൽ ലഭ്യമാക്കേണ്ട ആഹാര സാധനങ്ങളുടെ വിവരം ഇതോടൊപ്പമുള്ള പട്ടികയിൽ ചേർത്തിട്ടുണ്ട്. പട്ടികയില് ഉൾപ്പെട്ട ആഹാരസാധനങ്ങള്ക്ക് പുറമെ എന്തെങ്കിലും ആഹാരസാധനങ്ങള് വിൽക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ അവയുടെ അളവും നിരക്കും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

## വ്യവസ്ഥകൾ

1. പാലക്കാട് സര്ക്കാര് പോളിടെക്നിക് കോളേജിലെ വിദ്യാര്ഥികളുടെയും ജീവനക്കാരുടെയും സൗകര്യാർത്ഥം രാവിലെ എട്ടര മുതൽ വൈക്കുന്നേരം 6 മണിവരെയാണ് കാന്റീന് പ്രവര്ത്തിക്കേണ്ടത്. പട്ടികയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളിൽ ആഹാര സാധങ്ങള് വിൽക്കുവാനുദ്ദേശിക്കുന്ന കുറഞ്ഞ വിലയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ എങ്ങനെയും കാൻ്റീൻ നടത്തിപ്പ് അവകാശം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പാലുൾപ്പെടെയുള്ള പലവ്യഞ്ജൻങ്ങളുടെ നിലവിലുള്ള കമ്പോള വില പരിഗണിക്കാതെ രേഖപ്പെടുത്തുന്ന വിലകൾ ഉൾപ്പെട്ട ക്വട്ടേഷൻുകൾ തിരസ്ക്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ലേലം ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

2. 01/06/2025 മുതല് 31/05/2027 വരെയുള്ള രണ്ടു വർഷ കാലയളവില് കാന്റീന് നടത്താനുള്ള അവകാശമാണ് ലേലം ചെയ്യുന്നത്. കാന്റീന് നടത്തിപ്പിനുള്ള അവകാശം ലഭിക്കുന്ന വ്യക്തി തൃപ്തികരമായ രീതിയില് കാന്റീന് പ്രവര്ത്തിക്കുന്നതില് പരാജയപ്പെടുന്ന പക്ഷം കരാര് റദ്ദാക്കുന്നതിനുള്ള പരമാധികാരം സ്ഥാപന മേധാവിയില് നിക്ഷിപ്തമാണ്.

3. കാന്റീന് നടത്തിപ്പിനുള്ള കെട്ടിടം, വെള്ളം കറണ്ട് എന്നിവ സ്ഥാപനത്തില് നിന്നും അനുവദിക്കുന്നതാണ്. കെട്ടിട വാടകയിനത്തിൽ മാസം രൂപ-1000/ എന്ന നിരക്കില് എല്ലാ മാസവും പത്താം തിയതിക്ക് മുമ്പ് ഓഫീസില് ഒടുക്കേണ്ടതാണ്. വാടക പി.ഡബ്ലിയു.ഡി വ്യവസ്ഥകള്ക്ക് വിധേയമായിരിക്കും. ആയതിനാൽ വാടക 1000/- രൂപയിൽ അധികരിക്കുന്ന പക്ഷം അധിക സംഖ്യ അടക്കേണ്ടതാണ്. കറണ്ട് ചാര്ജ്ജ് പ്രതിമാസം 750/- രൂപ നിരക്കില് ഒടുക്കേണ്ടതാണ് അടക്കേടതാണ്. വാടക, കറണ്ട് എന്നിവ അടയ്ക്കുന്നതിൽ വിഴ്ച സംഭവിക്കുന്ന പക്ഷം കാൻറീൻ നടത്തിപ്പ് അവകാശം റദ്ദ് ചെയ്യുന്നതായിരിക്കും.

4. കാന്റീന് നടത്താനുള്ള അവകാശം ലഭിക്കുന്ന വ്യക്തി 10/06/2025 ന് മുമ്പ് സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി 5000/- രൂപ ഓഫീസില് അടക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത്/ ആരോഗ്യ വകുപ്പ്/ ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവിടങ്ങളില് നിന്ന് ലഭിക്കുന്ന, ഭക്ഷണം പാചകം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സർക്കാർ ആംഗികാരം പ്രദര്ശിപ്പിക്കേണ്ടതും അവയുടെ പകര്പ്പ് ഓഫീസില് ഹാജരാക്കേണ്ടതുമാണ്. പാചകക്കാർക്ക് ഭക്ഷ്യ സുരക്ഷ വകുപ്പ്/ആരോഗ്യ വകുപ്പ്നല്കുന്ന ഹെൽത്ത കാർഡ് ഉണ്ടായിരിക്കണം.

5. നിശ്ചിത ഗുണനിലവാരമില്ലാത്തത്, പഴകിയത്, കേടുവന്നത് തുടങ്ങിയ ആഹാരസാധനങ്ങള് വില്ക്കുന്നത് ശ്രദ്ധയിപ്പെട്ടാൽ ആരോഗ്യവകുപ്പിന് വിവരം നൽകുന്നതായിരിക്കും.ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരത്തിന്റെയും ശുചിത്വത്തിൻറെയും കാര്യത്തില് ആരോഗ്യ വകുപ്പ് ഏര്പ്പെടുത്തിയിട്ടുള്ള വ്യവസ്ഥകള് പാലിക്കേണ്ടാതണ്.ഭക്ഷ്യ സുരക്ഷ വകുപ്പിൻറെ മുദ്രയുള്ള (FSSAI) പദാർത്ഥങ്ങൾ കൊണ്ടായിരിക്കണം ആഹാര പദാർത്ഥങ്ങൾ ഉണ്ടാക്കേണ്ടത്.FSSAI മുദ്രയുള്ള ചായപൊടി/കാപ്പിപൊടി മാത്രമേ ചായയും കാപ്പിയും ഉണ്ടാക്കുന്നതിന്

ഉപയോഗിക്കാവൂ. പലവ്യഞ്ജജനങ്ങളുടെ കാര്യത്തിലും ഈ വ്യവസ്ഥ പാലിക്കേണ്ടാതണ്.

6. ആഹാര സാധനങ്ങള് തയ്യാറാക്കാനുള്ള പലവ്യഞ്ജാങ്ങൾ സ്വന്തം നിലയ്ക്ക് വാങ്ങി ഉപയോഗിക്കേണ്ടാതണ്.

7. ദര്ഘാസില് ആംഗികരിക്കുന്ന ആഹാരസധാങ്ങള്ക്ക് പുറമേ പുതിയ ഇനങ്ങള് വില്ക്കുവാന് ഉദ്ദേശിക്കുന്ന പക്ഷം സ്ഥാപനമേധാവിയുടെ മുന്കൂര് അനുമതി നേടേണ്ടാതാണ്.

8. ആഹാര സാധനങ്ങളുടെ വില വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള വില വിവരപ്പട്ടിക അനായാസം വായിക്കാവുന്ന വിധത്തില് പ്രദർശിപ്പിക്കേണ്ടതാണ്.

9. കാന്റീന് പ്രവര്ത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കാന്റീന് കമ്മിറ്റി ഉണ്ടായിരുക്കുന്നതാണ്.

10. കാന്റീന് നടത്തിപ്പിനുള്ള രേഖാമുലമുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് 10/06/2025 നകം രൂപ 5000/- കരുതല് ധനമായി കെട്ടി വെയ്ക്കേണ്ടതും 220/- രൂപ വിലയുള്ള മുദ്രപ്പത്രത്തില് തയ്യാറാക്കുന്ന സമ്മതപത്രത്തില് ഒപ്പുവെയ്ക്കേണ്ടാതുമാണ്. കാലാവധി തിരുന്നതിനു മുമ്പ് കരാറുകാരന് കാൻ്റീൻ നടത്തിപ്പിൽ നിന്ന് നടത്തിപ്പില് നിന്നും എകപക്ഷിയമായി പിന്മാറുന്ന പക്ഷം കരുതല് ധനം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതായിരിക്കും

11. ലഹരി വസ്തുക്കളുടെയും പുകയില ചേർത്തത്തിട്ടുള്ള പദാർത്ഥങ്ങളുടെയുംത്ഥങ്ങളുടെയും വില്പ്പന കർശനമായി നിരോധിച്ചിട്ടുള്ളതാണ്. ഇത്തരം പ്രവണതകൾ ശങ്ക കൂടാതെ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതായിരിക്കുംത്ഥങ്ങളുടെ വില്പ്പനയേ ഉപയോഗമോ ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

12. ക്യാമ്പസിലെ അച്ചടക്കത്തിനും അക്കാദമിക് നിലവാരത്തിനും അനുയോജ്യമല്ലാത്ത രീതിയിലുള്ള പ്രവർത്തനം/പെരുമാറ്റം നിർബന്ധമായും ഒഴിവാക്കേണ്ടാതാണ്.

13.കാൻ്റീനിലും പരിസര പ്രദേശങ്ങളിലും ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടാതണ്. പ്ലാസ്റ്റിക്ക് വേസ്റ്റ് ഹരിതകർമ്മ സേനയ്ക്ക് കൈമാറി സ്വന്തം നിലയിൽ ചാര്ജ് ഒടുക്കേണ്ടതും, ബയോവേസ്റ്റ് ശെരിയായ രീതിയില് സംസ്കരിക്കേണ്ടതുമാണ്.ആഹാരം പാചകം ചെയ്യുന്ന സ്ഥലത്തും വിളമ്പുന്ന സ്ഥലത്തും, കാൻ്റീൻ കെട്ടിടത്തിലാകെയും ശുചിത്വവും വൃത്തിയും ഉറപ്പാക്കേണ്ടതാണ്.ഉപയോഗിക്കുന്ന പാത്രങ്ങളും ശരിയായ രീതിയിൽ വൃത്തിയാക്കേണ്ടതാണ്.

14.കെട്ടിടത്തിനു പ്രക്രതിക്ഷോഭമല്ലാതെയുള്ള കരാണങ്ങളാല് കേടുപാടുകള് സംഭവിച്ചാല് നഷ്ടപരിഹാരം സര്ക്കാര് നിര്ദേശിക്കും പ്രകാരം ഈടാക്കുന്നതയിരിക്കും.കെട്ടിടത്തിനു യാതൊരുമാറ്റവും വരുത്തുവാന് പാടുള്ളതല്ല. കാന്റീന് നടത്തുവാന് ഈ സ്ഥാപനത്തില് നിന്നും കൈമാറിയ വസ്തുക്കള് യാതൊരുകേടുംകുടാതെ തിരിച്ചേല്പ്പിക്കേണ്ടാതണ്.അത്തരത്തിലുള്ള കേടുപാടിന് സര്ക്കാര് നിശ്ചയിച്ച നഷ്ട പരിഹാരം ഈടാക്കുന്നതായിരിക്കും.

15. സ്ഥാപനത്തിൻറെ കോമ്പോണ്ടിലുള്ള മരങ്ങൾ, മറ്റ് സാധനങ്ങൾ എന്നിവ പാചകത്തിനോ മറ്റ് ആവിശ്യങ്ങൾക്കു വേണ്ടി കവരുന്നത് നിയമ നടപടികൾ ക്ഷണിച്ചുവരുത്തുവാൻ കാരണമാകും.

16.കാൻറീൻ നടത്തുന്നതിന് അനുമതി ലഭിച്ച കരാറുകാരൻ മുഴുവൻ സമയവും കാൻറീനിൽ ഉണ്ടായിരിക്കണം. കാൻറീൻ ഉപകരാർ നൽക്കുവാൻ പാടുള്ളതല്ല.

പ്രിൻസിപ്പൾ

പകര്പ്പ്

1.നോട്ടിസ് ബോര്ഡ്

2. മരുത റോഡ് ഗ്രാമപഞ്ചായത്ത്.

3. കൊടുംബ് ഗ്രാമപഞ്ചായതത്ത്

4. മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്

5. പാലക്കാട് മുനിസിപ്പല് ഓഫീസ്

6. പത്രങ്ങളില് വാര്ത്തയായി പ്രസിദ്ധികരിക്കുന്നതിന്

7. കുടുംബശ്രീ യുണിറ്റ് കൊടുമ്പ്(പഞ്ചായത്ത് മുഖാന്തരം)

8. കുടുംബശ്രീ യുണിറ്റ് മരുത റോഡ്(പഞ്ചായത്ത് മുഖാന്തരം)

9. കരുതല് ഫയല്

Signed by Dileep P
Date: 12-05-2025 12:31:24

# സർക്കാർ പോളിടെക്നിക്ക് കോളേജ് പാലക്കാട്

| ക്രമ നമ്പർ | ഇനം( QUOTATION CONSIDERATION) DAILY ITEMS | അളവ് | |
|---|---|---|---|
| 1 | ഇഡ്ഡലി 1 എണ്ണം | 100 ഗ്രാം | |
| 2 | സാധാരണ ദോശ 1 എണ്ണം | 75 ഗ്രാം | |
| 3 | നെയ്ദോശ 1 എണ്ണം | 150 ഗ്രാം | |
| 4 | മസാലദോശ 1 എണ്ണം | 200 ഗ്രാം | |
| 5 | പുട്ട് കടല | 200 ഗ്രാം | |
| 6 | പൂരി 2 എണ്ണം (മസാല സഹിതം) | 200 ഗ്രാം | |
| 7 | ഉപ്പുമാവ് | 200 ഗ്രാം | |
| 8 | ഉഴുന്ന് വട /പരിപ്പുവട /ബോണ്ട /സമൂസ/ബജി /പഴം പൊരി | 50 ഗ്രാം | |
| 9 | കാപ്പി /ചായ/പാൽ | 180 മി. ലി. | |
| 10 | കട്ടൻ ചായ/കട്ടൻ കാപ്പി | 180 മി. ലി. | |
| 11 | ഹോർലിക്ക്സ് /ബൂസ്റ്റ് /ബോൺവിറ്റ | 150 മി. ലി. | |
| 12 | പപ്പ്സ് (വെജിറ്റേറിയൻ ) | | |
| 13 | പപ്പ്സ് (നോൺ വെജിറ്റേറിയൻ) | | |
| 14 | ഐസ്ക്രീം | | |
| 15 | ഊണ് (സാമ്പാർ ,2 തരം കറികൾ ,ഉപ്പേരി ,പപ്പടം ,മോര് ,രസം,അച്ചാർ സഹിതം) | 500 ഗ്രാം | |
| 16 | സ്പെഷൽ ഊണ് (മീൻ കറി ) | 500 ഗ്രാം | |
| 17 | ചപ്പാത്തി 2 എണ്ണം (കറി സഹിതം) | 250 ഗ്രാം | |
| 18 | പൊറോട്ട 2 എണ്ണം (കറി സഹിതം) | 200 ഗ്രാം | |
| 19 | ബിരിയാണി (വെജിറ്റേറിയൻ )സാലഡ്, അച്ചാർ സഹിതം | | |
| 20 | ബിരിയാണി (നോൺ വെജിറ്റേറിയൻ) സാലഡ്, അച്ചാർ സഹിതം | | |
| 21 | മട്ടൻ കറി | | |
| 22 | ചിക്കൻ കറി | | |
| 23 | ബീഫ് കറി | | |
| 24 | മീൻ കറി | | |
| 25 | ബീഫ് ഫ്രൈ | | |
| | | | |

| | | | |
|---|---|---|---|
| 26 | ചിക്കൻ ഫ്രൈ | | |
| 27 | മട്ടൻ ഫ്രൈ | | |
| 28 | ഫിഷ് ഫ്രൈ | | |
| | **Total** | | |

Signed by Dileep P
Date: 12-05-2025 12:32:49